(ബി) അലോപ്പതി ഡാക്ടറന്മാരുടെ ശമ്പളം കൂട്ടണമെന്ന് ഇക്കഴിഞ്ഞ അസോസ്സിയേഷൻ യോഗം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആയുർവേദവൈദ്യന്മാരുടെ ശമ്പളം കൂട്ടണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) അലോപ്പതി ഡാക്ടർമാർ—

കുറഞ്ഞശമ്പളം രൂപ 100—300.

കൂടിയശമ്പളം ,, 500—800.

ആയുർവേദ വൈദ്യന്മാർ—

കുറഞ്ഞശമ്പളം രൂപ 35— 80.

കൂടിയശമ്പളം ,, 125—200.

(ബി) അറിവില്ല.

(സി) പേകമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീർച്ചപ്പെടുത്തുന്നതാണ്.

സഹകരണ പരിശീലനകേന്ദ്രം.

* 1003. [30] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറിൽ പുതുതായി ഒരു സഹകരണപരിശീലനകേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുതസ്ഥാപനം സഹകരണവകുപ്പിന്റെ കീഴിലാണോ ഗവണ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുതകേന്ദ്രത്തിൽ പരിശീലനത്തിനായി അപേക്ഷകൾ ക്ഷണിച്ചിരുന്നോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ക്ഷണിച്ചു. എത്ര പേരെ തിരഞ്ഞെടുത്തു;

(സി) അപേക്ഷകരുടെ കൂട്ടത്തിൽനിന്നും അർഹരായവരെ തിരഞ്ഞെടുക്കുവാൻ സ്വീകരിച്ച രീതി, പരിഗണനകൾ ഇവ വെളിപ്പെടുത്താമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. ടി. ജലീൽ):

(എ) സ്റ്റേറിൽ പുതുതായി ഒരു സഹകരണ പരിശീലനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ആ സ്ഥാപനം ഗവണ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത കേന്ദ്രത്തിൽ പരിശീലനത്തിനായി അപേക്ഷകൾ ക്ഷണിച്ചിരുന്നു. ആകെ 2012 അപേക്ഷകൾ കിട്ടി. അതിൽ നിന്നു 40 പേരെ തിരഞ്ഞെടുത്തു.

(സി) എസ്. എസ്. എൽ. സി. പാസായിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അഡ്മിഷൻ പരിമിതപ്പെടുത്തി. അതിൽ സെൻട്രൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും പഞ്ചവത്സര പദ്ധതി പ്രകാരം തിരഞ്ഞെടുത്തിട്ടുള്ള സംഘങ്ങളിൽനിന്നും ഉള്ള അപേ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷകക്ക് പ്രഥമഗണനകൊടുക്കുകയും ബാക്കിയുള്ള സ്ഥാനങ്ങൾ കഴിവുള്ളി ടത്തോളം പ്രാദേശികവും സാമുദായികവുമായ പ്രാതിനിദ്ധ്യംകൂടി നൽകത്തക്കവിധത്തിൽ ഇതരസഹകരണസംഘങ്ങളിൽനിന്നുള്ള അപേ ക്ഷകർക്കു നൽകുകയും ചെയ്യു.

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും.

* 1004. [32] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ വരുമാനത്തിന്റെ തോതിലുള്ള വർദ്ധനവനുസരിച്ച് കുറെ എണ്ണത്തെ മുനിസിപ്പാലിറ്റിക ളാക്കി മാറ്റുവാനുള്ള ഒരു തീരുമാനം ഗവണ്മെന്റ് കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനം കൊണ്ടുള്ള പ്രത്യേക പരി ഗണനകൾ എന്തെല്ലാം;

(സി) പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നുള്ളതു ഗവണ്മെന്റ് നയമായി അംഗീകരിക്കു ന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പ്രസക്തി എന്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ. ബി. സി. ഡി.) ഈ പ്രശ്നത്തെപ്പറ്റി ഗവണ്മെന്റ് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

വിചാരണയിലിരിക്കുന്ന തടവുകാർ.

* 1005. [35] ശ്രീ. പി. നാരായണൻപോറ്റി: താഴെ കാണു ന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ)- സംസ്ഥാനത്തെ വിവിധ ലാക്കപ്പുകളിലും, സബ് ജയിലു കളിലും ഒരു വർഷത്തിനുമേലായി പാർപ്പിച്ചിരിക്കുന്ന, വിചാരണയിലി രിക്കുന്ന തടവുകാരുടെ ആകെ എണ്ണമെത്ര;

(ബി) ഇപ്പോൾ മേൽപ്പറഞ്ഞ രീതിയിൽ കിടക്കുന്ന തടവു കാരിൽ, ഏറ്റവും കൂടുതൽ കാലമായി കിടക്കുന്ന ആൾ ആരാണു്. ഏതു ലാക്കപ്പിൽ (അല്ലെങ്കിൽ സബ്ജയിലിൽ) എത്ര നാളായി?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ ജെ. ജാൺ):

(എ) അൻപത്തഞ്ചു് (55)

(ബി) വി. കെ. അപ്പുക്കുട്ടൻ നായർ, തിരുവനന്തപുരം സബ് ജയിലിൽ, മൂന്നു വർഷമായി കിടക്കുന്നു.

ആയുർവ്വേദകാളേജിലെ നിയമനം.

* 1006. [36] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് റിക്രൂട്ടുമെന്റ് മാന്വലിൽ ആയുർവ്വേദ കാളേ ജിലെ അദ്ധ്യാപകനു് ഉണ്ടായിരിക്കണമെന്നു പറയുന്ന യോഗ്യത എന്താണു്; അതനുസരിച്ചാണോ ആയുർവ്വേദകാളേജിൽ നിയമനവും, പ്രമോഷനും നടത്തിയിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly